293
6/1/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ്-പഞ്ചകർമ്മ വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആയുഷ് (എ) വകുപ്പ്

G.O.(Ms)No.2/2020/AYUSH

തീയതി,തിരുവനന്തപുരം, 04/01/2020

---

പരാമർശം:- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 20.5.2019-ലെ 5132/ജി1/2017/ഡിഎഎംഇ നം. കത്ത്

<u>ഉത്തരവ്</u>

1. തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിൽ പഞ്ചകർമ്മ വകുപ്പിൽ പി.ജി.കോഴ്സിന്റെ അംഗീകാരം നിലനിർത്തുന്നതിനു വേണ്ടി 2 അദ്ധ്യാപക തസ്തികകൾ (പ്രൊഫസർ -1, അസോസിയേറ്റ് പ്രൊഫസർ -1) സൃഷ്ടിക്കുന്നതിനായുള്ള ശുപാർശ അനുകൂല നടപടികൾക്കായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശ പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിലെ പഞ്ചകർമ്മ വകുപ്പിൽ സി.സി.ഐ.എം. മാനദണ്ഡ പ്രകാരം പി.ജി കോഴ്സിന്റെ അംഗീകാരം നിലനിർത്തുന്നതിനു വേണ്ടി അസോസിയേറ്റ് പ്രൊഫസറുടെ രണ്ട് തസ്തികകൾ (37400-67000+ AGP 9000) സൃഷ്ടിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR.SHARMILA MARY JOSEPH IAS
SECRETARY

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ആരോഗ്യ സർവകലാശാല, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (13.11.2019-ലെ 1215627/HLT-B1/63/2019-FIN നം. അനൗദ്യോഗിക കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി.) വകുപ്പ് (31.12.2019-ലെ ഇനം. നം.3648 പ്രകാരം)[illegible].1957)
ഡയറക്ടർ, വെബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SANGEETHA T S
Date: 2020.01.06 11:09:41 IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-12-2019

ഫയൽ നം. എ2/173/2019/ആയുഷ്. ഇനം നം: 3648

വിഷയം : ആയുഷ് വകുപ്പ് - തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ പഞ്ചകർമ്മ വകുപ്പിൽ അസോസിയേറ്റ് പ്രൊഫസറുടെ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആയുഷ് വകുപ്പ്.

1/1/20

AS IDS

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/173/2019/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ പഞ്ചകർമ്മ വകുപ്പിൽ അസോസിയേറ്റ് പ്രൊഫസറുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 09.12.2019 |
| 5.i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ.വി |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ.ഷർമ്മിള മേരി ജോസഫ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.12.2019 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ടോം ജോസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.12.2019 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 30.12.2019 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 30.12.2019 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ പഞ്ചകർമ്മ വകുപ്പിൽ 2 അസോസിയേറ്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2) തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിൽ പഞ്ചകർമ്മ വകുപ്പിൽ കുറവുള്ള 2 അദ്ധ്യാപക തസ്തികകൾ (പ്രൊഫസർ -1, അസോസിയേറ്റ് പ്രൊഫസർ -1) സൃഷ്ടിക്കുന്നതിനുള്ള ശുപാർശ അനുകൂല നടപടികൾക്കായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

3) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിലെ പഞ്ചകർമ്മ വകുപ്പിൽ പി.ജി കോഴ്സിന്റെ അംഗീകാരം നിലനിർത്തുന്നതിനു വേണ്ടി അസോസിയേറ്റ് പ്രൊഫസറുടെ രണ്ട് തസ്തികകൾ (37400-67000+AGP 9000) (ബി.എ.എം.എസ് -1, പി . ജി .-1) സൃഷ്ടിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നു .

ഇതിനു ബഹു . ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട് ."

4) തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിലെ പഞ്ചകർമ്മ വകുപ്പിൽ പി.ജി കോഴ്സിന്റെ അംഗീകാരം നിലനിർത്തുന്നതിനു വേണ്ടി അസോസിയേറ്റ് പ്രൊഫസറുടെ രണ്ട് തസ്തികകൾ (37400-67000+AGP 9000) സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോയെന്ന ഉത്തരവിനായി

ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുമ്പോൾ ശമ്പളയിനത്തിൽ (അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക, സി.സി.എ ഉൾപ്പെടെ) ഒരു വർഷത്തിൽ നൽകേണ്ടി വരുന്നത് രൂപ 28,31,328/- (ഇരുപത്തിയെട്ടു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി മുന്നൂറ്റി ഇരുപത്തിയെട്ടു രൂപ മാത്രം) ആണ്.

## തീരുമാനിക്കേണ്ട വിഷയം

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ പഞ്ചകർമ്മ വകുപ്പിൽ പി.ജി കോഴ്സിന്റെ അംഗീകാരം നിലനിർത്തുന്നതിനു വേണ്ടി അസോസിയേറ്റ് പ്രൊഫസറുടെ രണ്ട് തസ്തികകൾ (37400-67000+AGP 9000) സൃഷ്ടിക്കാമോ?